ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളെ എന്തുചെയ്യാൻ പോകുന്നുവെന്നു് പറയാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ എന്റെ പ്രവൃത്തി പുരാതനവസ്തുഗവേഷണം പോലെയാണു്.

ശ്രീ. എ. താണുപിള്ള: എത്ര സ്കൂളുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഞ്ചു.

പരീക്ഷാചോദ്യക്കടലാസ്

*൭൫. (൯) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൈനൽ–ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി റിപ്പോർട്ട് ചെയ്യുവാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയോ;

(ബി) എന്താണു് റിപ്പോർട്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫൈനൽ-ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടു്.

(ബി) റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തിയില്ല. റിപ്പോർട്ടിലെ ശുപാർശകളെ മേൽ നടപടിക്കായി വൈസ്ചാൻസലർക്കു് അയച്ചുകൊടുക്കും.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ട് എപ്പോഴെങ്കിലും വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇപ്പോഴത്തെ വൈസ്ചാൻസലർ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വൈസ്ചാൻസലർ ഇല്ല.

ശ്രീ. എ. താണുപിള്ള: വൈസ്ചാൻസലർ എന്നുണ്ടാകുമെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു എനിക്കു് അതു പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ചോദ്യക്കടലാസ് പുറത്താക്കിയവരുടെ പേരിൽ എന്തെങ്കിലും നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തു നടപടിയാണു് നടത്തേണ്ടതെന്നു തീരുമാനിക്കുന്നതിനാണു് റിപ്പോർട്ട് യൂണിവേഴ്സിറ്റിക്കു അയച്ചുകൊടുക്കുന്നതു്.

ഗവൺമെണ്ടു് പ്രസ്സു് സൂപ്രണ്ടു്

*൭൬. (൨൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തു ഗവൺമെണ്ടു് പ്രസ്സു് സൂപ്രണ്ടിന്റെ സ്ഥാനം ഒഴിവായിട്ടു് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly